Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.in Email:shq@ksbsg.in

| Patron | President | State Chief Commissioner | State Secretary |
|---|---|---|---|
| JUSTICE P. SATHASIVAM | Prof. C. RAVEENDRANATH | K .V .MOHANKUMAR, IAS, | SAJITH .A .K |
| Hon'ble Governor of Kerala | Hon'ble Minister for Education | Director of Public Instructions | Phone : 9847306748 |

No.G-69/2017/KSBS&G Date........05-01-2018

സ്വീകർത്താവ്

**എല്ലാ ജില്ലാ സെക്രട്ടറിമാർക്കും**
കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്

സർ,

**വിഷയം : കെ.എസ്.ബി.എസ്.ജി - ഹയർസെക്കന്ററി യൂണിറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച്**

2016-17 വർഷത്തെ ഹയർസെക്കന്ററി സ്കൗട്ട് / ഗൈഡ് യൂണിറ്റുകൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

1. **യൂണിറ്റുകളെ തെരഞ്ഞെടുക്കൽ :-** യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതും വാർഷിക യൂണിറ്റ് ക്യാമ്പുകൾ യൂണിറ്റ് ലീഡറുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളതുമായ യൂണിറ്റുകളെ വേണം തെരഞ്ഞെടുക്കുവാൻ.

2. **ലോഗ്ബുക്കിന്റെ വിലയിരുത്തൽ :-** സി.എം ഷീൽഡ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയിട്ടുള്ള യൂണിറ്റുകളുടെ ലോഗ്ബുക്കുകൾ ജനുവരി 10 ന് മുമ്പായി ജില്ലകൾ സ്വീകരിച്ച് 4 പേർ അടങ്ങുന്ന ജഡ്ജിംഗ് പാനൽ പ്രവർത്തനങ്ങൾ വിലയിരുത്തി ഓരോ ലോഗ്ബുക്കിലും അസ്സസ്മെന്റ് ഷീറ്റിൽ മാർക്ക് രേഖപ്പെടുത്തി ലോഗ്ബുക്കിന്റെ അവസാനഭാഗത്ത് ഒട്ടിക്കേണ്ടതാണ്.

   ജില്ലാ അടിസ്ഥാനത്തിലുള്ള കൺസോളിഡേഷൻ ഷീറ്റ് തയ്യാറാക്കി ഓരോ കോപ്പിവീതം സംസ്ഥാന കാര്യാലയത്തിലേക്കും എ.എസ്.ഒ.സി മാർക്കും അയച്ചു കൊടുക്കേണ്ടതാണ്. ജില്ലകളിൽ നിന്ന് സ്കൗട്ട് വിഭാഗത്തിലും ഗൈഡ് വിഭാഗത്തിലും ഒന്നാം സ്ഥാനത്ത് എത്തുന്ന ഓരോ ലോഗ്ബുക്കുകൾ സംസ്ഥാന കാര്യാലയത്തിലേക്ക് ജനുവരി 20 നകം എത്തിക്കണം. താമസിച്ചുവരുന്നവ പരിഗണിക്കുന്നതല്ല. മറ്റുകോപ്പികൾ ജില്ലാസെന്ററിൽ സൂക്ഷിക്കേണ്ടതാണ്.

3. **റെക്കോർഡ് പരിശോധന:-** ജനുവരി 15 നുശേഷം എ.എസ്.ഒ.സി മാർ അതാത് ജില്ലാ സെന്ററിൽ വെച്ച് യൂണിറ്റുകളുടെ ഗ്രൂപ്പ് റിക്കോർഡ് ബുക്കുകളും, സി.എം ഷീൽഡ് ലോഗ്ബുക്കുകളും പരിശോധിച്ച് അർഹരായ യൂണിറ്റുകൾക്ക് ഗ്രേസ് മാർക്കിന് ശുപാർശ നൽകും. എല്ലാ യൂണിറ്റുകളിൽ നിന്നുമുള്ള ഗ്രൂപ്പ് റെക്കോർഡ് ബുക്കുകളും സി.എം ഷീൽഡ് ലോഗ്ബുക്കുകളും ജില്ലാ സെന്ററിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം യൂണിറ്റുകൾക്ക് നൽകണം.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

സ്റ്റേറ്റ് സെക്രട്ടറി